പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. T 2166

11/02/2020 ൽ മറുപടി നല്കേണ്ടത്.

## മായം കലർന്ന മത്സ്യ വിപണനം

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ.പി.സി. ജോർജ്** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വനിത-ശിശുവികസനവും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ കാലയളവിൽ മായം കലർന്ന മത്സ്യ വിപണനവുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; വിശദമാക്കുമോ; | (എ) | ഈ സർക്കാർ കാലയളവിൽ മായം കലർന്ന മത്സ്യ വിപണനവുമായി ബന്ധപ്പെട്ട് 31 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) മായം കലർന്ന മത്സ്യത്തെ സംബന്ധിച്ച വിവരം വകുപ്പിന് ലഭ്യമാകുന്നതെങ്ങനെ യെന്നറിയിക്കുമോ; | (ബി) | പൊതുജനങ്ങളിൽ നിന്ന് നേരിട്ട് ലഭിക്കുന്ന പരാതിയുടെയും, ഭക്ഷ്യസുരക്ഷാ വകുപ്പ് ഏർപ്പെടുത്തിയിട്ടുള്ള Government Contact Centre (GCC) ൽ ലിങ്ക് ചെയ്തിട്ടുള്ള Toll free No. ആയ 1800 425 1125 വഴി ലഭിക്കുന്ന പരാതികളുടെയും, വകുപ്പ് നടത്തുന്ന സ്റ്റാറ്റ്യൂട്ടറി പരിശോധനകളുടെയും അടിസ്ഥാനത്തിൽ ശേഖരിക്കുന്ന സാമ്പിളുകൾ ഗവ. അനലിറ്റിക്കൽ ലാബിൽ പരിശോധന നടത്തി ഫലം ലഭ്യമാകുമ്പോഴാണ് മായം കലർന്നിട്ടുണ്ടോ എന്ന് അറിയാൻ സാധിക്കുന്നത്. കൂടാതെ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി വികസിപ്പിച്ചെടുത്ത കിറ്റ് ഉപയോഗിച്ച് മത്സ്യത്തിലെ ഫോർമാലിന്റെയും അമോണിയയുടെയും സാന്നിദ്ധ്യം തൽസമയം കണ്ടെത്തുവാൻ സാധിക്കുന്നുണ്ട്. ഇത് ഉപയോഗിച്ചും പരിശോധനകൾ നടത്തുന്നുണ്ട്. |
| (സി) ഇതിനായി പ്രത്യേക ഏജൻസിയെ നിയോഗിച്ചിട്ടുണ്ടോ; | (സി) | മായം കലർന്ന മത്സ്യത്തെ സംബന്ധിച്ച വിവരം വകുപ്പിന് ലഭ്യമാകുന്നതിന് പ്രത്യേക ഏജൻസിയെ |

| | |
|---|---|
| വ്യക്തമാക്കാമോ; | നിയോഗിച്ചിട്ടില്ല. വകുപ്പിന്റെ സ്ഥിര പരിശോധനയുടെ ഭാഗമായും, പൊതുജനങ്ങളിൽനിന്നും ലഭിക്കുന്ന പരാതികളുടെ അടിസ്ഥാനത്തിലും ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥരടങ്ങിയ സ്ക്വാഡുകൾ മത്സ്യ മാർക്കറ്റുകൾ, മത്സ്യ മൊത്തവില്പന കേന്ദ്രങ്ങൾ, ചെക്പോസ്റ്റുകൾ, റയിൽവേ സ്റ്റേഷനുകൾ തുടങ്ങിയ സ്ഥലങ്ങൾ കേന്ദ്രീകരിച്ച് പരിശോധന നടത്തിവരുന്നു. |
| (ഡി) ഈ സർക്കാർ കാലയളവിൽ മായം കലർന്ന മത്സ്യം പിടിച്ചെടുത്ത് നശിപ്പിക്കുകയും തുടർന്നുള്ള പരിശോധനയിൽ ഹാനികരമായ മായം കലർന്നിട്ടില്ല എന്ന് കണ്ടെത്തുകയും ചെയ്ത സാഹചര്യം ഉണ്ടായിട്ടുണ്ടോ; വ്യക്തമാക്കാമോ; | ഭക്ഷ്യസുരക്ഷാ വകുപ്പ് നടത്തിയ പരിശോധനകളിൽ ഇത്തരം സന്ദർഭങ്ങൾ ഉണ്ടായിട്ടില്ല. |
| (ഇ) ഇപ്രകാരം തെറ്റായ സൂചനയുടെ ഫലമായി നശിപ്പിക്കപ്പെട്ട മത്സ്യത്തിന്റെ വില നഷ്ടപരിഹാരമായി തൊഴിലാളികൾക്ക് അനുവദിച്ചു നൽകിയിട്ടുണ്ടോ; വിശദമാക്കുമോ? | തെറ്റായ സൂചനയുടെ അടിസ്ഥാനത്തിൽ ഭക്ഷ്യസുരക്ഷാ വകുപ്പ് മത്സ്യം നശിപ്പിക്കുകയോ വില നഷ്ടപരിഹാരമായി നൽകുകയോ ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ